"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - സമാശ്വാസതൊഴിൽദാന പദ്ധതി- - ജീവനക്കാര്യം - കാസർഗോഡ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സർവീസിലിരിക്കേ മരണപ്പെട്ട കുഞ്ഞിരാമൻ.കെ.എം.-ന്റെ മകനായ ശ്രീ.മനു.കെ.എം. -ന് ആശ്രിതനിയമനപദ്ധതി പ്രകാരം ക്ലർക്ക് ആയി നിയമനം നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.ഡബ്ല്യു.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1560/2023/LSGD    തീയതി,തിരുവനന്തപുരം, 01-08-2023

---

പരാമർശം:-
1) 24.05.1999 ലെ സ.ഉ(അച്ചടി)നം.12/99/ഉഭപവ.
2) ശ്രീ.മനു.കെ.എം സമർപ്പിച്ച 31.12.2021-ലെ ആശ്രിതനിയമന പദ്ധതി പ്രകാരമുള്ള അപേക്ഷ.
3) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 06.08.2022 ലെ ഇ2/5301/CES/LID&EW/22 നമ്പർ കത്ത്.
4) കാസർഗോഡ് ജില്ലാ കളക്ടറുടെ 12.02.2023 ലെ DCKSGD/7837/2022-A5 നമ്പർ കത്ത്.
5) 14.07.2023 ലെ ജി.ഒ(പി)നം.12/2023/പി & എ ആർ ഡി

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഓഫീസ് അറ്റൻഡന്റ് ആയിരിക്കെ 16.08.2020- ന് മരണപ്പെട്ട കുഞ്ഞിരാമൻ.കെ.എം. -യുടെ മകനായ ശ്രീ.മനു.കെ.എം. ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിന് പരാമർ ശം 2 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത പദ്ധതി പ്രകാരം ജോലിക്ക് അപേക്ഷിക്കുന്നതിനുള്ള സമയപരിധിക്കുള്ളിൽ തന്നെയാണ് ടി അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. പരേതന്റെ ആകെ സേവനകാലം 14 വർഷവും 7 മാസവും 11 ദിവസവും ആണ്

2 . അപേക്ഷകന്റെ ജനനതീയതി 04.01.1989 ആകയാൽ ടിയാന് ഇപ്പോൾ 34 വയസ്സുണ്ട്. ടിയാൻ കാസർഗോഡ് ജില്ലയിൽ ക്ലർക്ക് തസ്തികയിലേക്കാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത് ടിയാൻ എസ്.എസ്.എൽ.സി., Desk Top Publishing(DTP) പരീക്ഷകൾ വിജയിച്ചിട്ടുള്ളതിനാൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അർഹനാണ്.

3 . തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറും കാസർഗോഡ് ജില്ലാ കളക്ടറും യഥാക്രമം പരാമർശം 3, 4 പ്രകാരം ശ്രീ.മനു.കെ.എം.-ന്റെ അപേക്ഷ ശുപാർശ ചെയ്തിട്ടുണ്ട് ശ്രീ.മനു.കെ.എം, പരേതനായ കുഞ്ഞിരാമൻ.കെ.എം.-യുടെ മകനാണ്. ശ്രീ.മനു.കെ.എം-ന്റെ

മാതാവായ ശ്രീമതി.ശാന്തകുമാരി, സഹോദരനായ ശ്രീ.സനീഷ്.കെ.എം എന്നിവർ ശ്രീ.മനു.കെ.എം-ന് ആശ്രിതനിയമനപദ്ധതി പ്രകാരം ജോലി നൽകുന്നതിനുള്ള സമ്മതപത്രം സമർ പ്പിച്ചിട്ടുണ്ട്. ശ്രീ.മനു.കെ.എം., ആശ്രിതനിയമനപദ്ധതിപ്രകാരം ജോലി ലഭിക്കുകയാണെങ്കിൽ മാതാവിനെ മരണം വരെ സംരക്ഷിച്ചു കൊള്ളാമെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പരേതന്റെ മറ്റ് കുടുംബാംഗങ്ങൾ ആരും തന്നെ പ്രസ്തുത പദ്ധതി പ്രകാരം ജോലിക്കായി അപേക്ഷിക്കുകയോ ആർക്കും തന്നെ ഇപ്രകാരം ജോലി നൽകുകയോ ചെയ്തിട്ടില്ല. അപേക്ഷകന്റെ വാർഷിക കുടുംബ വരുമാനം 72,000/-(എഴുപത്തി രണ്ടായിരം രൂപ മാത്രം) ആണ് എന്ന് കാസർഗോഡ് ജില്ലാ കളക്ടർ പരാമർശം 4 പ്രകാരം അറിയിച്ചിട്ടുണ്ട്

4 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സർവീസിലിരിക്കേ മരണപ്പെട്ട കുഞ്ഞിരാമൻ.കെ.എം.-യുടെ മകനായ ശ്രീ.മനു.കെ.എം.-ന്, പരാമർ ശം 1 ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ആശ്രിതനിയമനപദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിൽ കാസർഗോഡ് ജില്ലയിൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് ഉത്തരവാകുന്നു. പരേതന്റെ സർവീസ് ബുക്കിലും, പരേതൻ ഒടുവിൽ ജോലി ചെയ്ത ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ഇത് സംബന്ധിച്ച വിവരങ്ങൾ ചേർത്ത് ഓഫീസ് മേധാവിയോ വകുപ്പ മേധാവിയോ അറ്റസ്റ്റ് ചെയ്യേണ്ടതാണ്. ആശ്രിത നിയമന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചപ്പോഴോ തുടർന്ന് അന്വേഷണം നടത്തിയ സമയത്തോ, എന്തെങ്കിലും വിവരങ്ങൾ മറച്ചു വയ്ക്കുകയോ തെറ്റായ വിവരങ്ങൾ ധരിപ്പിക്കുകയോ ചെയ്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന പക്ഷം മേൽപ്രകാരം ഉത്തരവായ നിയമനം റദ്ദ് ചെയ്യുന്നതാണ്.

5 . തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അപേക്ഷകന്റെ ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നെസ്സ് എന്നിവ തെളിയിക്കുന്ന രേഖകളുടെ ആധികാരികത പരിശോധിച്ച ശേഷം, ടിയാന് നിലവിലുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിൽ ക്ലർക്ക് തസ്തികയിൽ നിലവിലുള്ള ഒഴിവിലോ, നിലവിൽ ഒഴിവില്ലെങ്കിൽ തുടർന്നുണ്ടാകുന്ന ഒഴിവിലോ നിയമനം നൽകേണ്ടതാണ്. കാസർഗോഡ് ജില്ലയിൽ സമീപഭാവിയിൽ ഒഴിവുകളുണ്ടാകാൻ സാധ്യത ഇല്ലാത്ത സാഹചര്യമാണെങ്കിൽ തൊട്ടടുത്ത ജില്ലകളിലെ നിലവിലുള്ള ഒരു ഒഴിവിൽ അപേക്ഷകന് നിയമനം നൽകേണ്ടതും സംരക്ഷണ സമ്മതമൊഴി ലംഘിക്കുന്ന പക്ഷം തന്റെ അടിസ്ഥാന ശമ്പളത്തിൽ നിന്നും 25 % തുക പിടിച്ചെടുത്ത് അർഹരായ ആശ്രിതർക്ക് നൽകുന്നതിന് തനിക്ക് സമ്മതമാണ് എന്ന സമ്മതപത്രം കൂടി അപേക്ഷകനിൽ നിന്നും വാങ്ങേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

1. ശ്രീ.മനു.കെ.എം., S/o(Late) കുഞ്ഞിരാമൻ.കെ.എം., മലയരത്ത് ഹൗസ്, രാംനഗർ, എളേരിത്തട്ട് (പി.ഒ), നിലേശ്വരം (വഴി)- 671314.(രജിസ്റ്റേഡ് തപാൽ മുഖേന).

2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. (കുഞ്ഞിരാമൻ.കെ.എം-.യുടെ സർവ്വീസ് ബുക്ക് സഹിതം)

3. ജില്ലാ കളക്ടർ, കാസറഗോഡ്.

4. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), കേരള, തൃശ്ശൂർ.

5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

6. പൊതു ഭരണ(സി.ഇ. സെൽ) വകുപ്പ്.

7. വെബ്&ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

8. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Keerthi I.p
Date: 02-08-2023 09:35:32
സെക്ഷൻ ഓഫീസർ